LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യ വനവൽക്കരണ പദ്ധതി

128 (4481) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി വിവിധ പദ്ധതികൾവഴി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിലേക്കായി 2010 മാർച്ച് വരെ എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയിലേക്കായി കേന്ദ്ര സർക്കാർ തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയാണ് അനുവദിച്ചത് ; ഇതിൽ എന്തു തുക ചെലവായി ;

(സി) ഈ പദ്ധതിയിലേക്ക് സംസ്ഥാന സർക്കാർ അനുവദിച്ച തുക എത്രയാണ് ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സാമൂഹിക വനവൽക്കരണ പദ്ധതിയുടെ ഭാഗമായി കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് വിവിധ പദ്ധതികൾവഴി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിലേയ്ക്കായി 2010 മാർച്ച് വരെ ആകെ 1652.57 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. തീരദേശവനവൽക്കരണം (ഹരിതതീരം) കണ്ടൽക്കാടുകളുടെ സംരക്ഷണം എന്നീ പദ്ധതികൾക്കായി 446.42 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 441.60 ലക്ഷം രൂപ ഇതുവരെയായി ചെലവായിട്ടുണ്ട്.

(സി) ഈ പദ്ധതിയിലേയ്ക്കായി സംസ്ഥാന സർക്കാർ 1232.17 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ അധികാരപരിധിയിൽ നടപ്പിലാക്കിയ പദ്ധതികൾ

129 (4482) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ അധികാരപരിധിയിൽ 2010 ഏപ്രിൽ മാസം മുതൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളിലോരോന്നിലും നിയോഗിച്ച വാച്ചർമാരുടെ പേരും മേൽവിലാസവും റെയിഞ്ച്-ബ്ലോക്ക് തിരിച്ച് വ്യക്തമാക്കുമോ ?